ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും പഴയ ചെടികൾ മാറ്റി പുതിയവ വച്ചുപിടിപ്പിയ്ക്കൽ പദ്ധതി

81 (1135) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലുമുള്ള ഏലച്ചെടികളും തേയിലച്ചെടികളും വളരെ പ്രായംചെന്നവയാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ നീക്കം ചെയ്ത് പുതിയ ഏലച്ചെടികളും തേയിലച്ചെടികളും വച്ചുപിടിപ്പിക്കുവാൻ പദ്ധതിയുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളിലെ ചെടികൾ ഏറിയപങ്കും പ്രായംചെന്നവയാണ്. എന്നാൽ ഏലത്തോട്ടങ്ങളിൽ തോട്ടമുടമകൾ പുനർകൃഷി (റീപ്ലാന്റിംഗ്) നടത്തുന്നതുകാരണം ഏലച്ചെടികൾ പ്രായം ചെന്നവയല്ല.

(ബി & സി) ഇക്കാര്യത്തിൽ കൃഷിവകുപ്പ് പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

അടയ്ക്കാ കർഷകരുടെ നിവേദനങ്ങൾ

82 (1136) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അടയ്ക്കാകൃഷിക്കാരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അടയ്ക്കാ കൃഷിക്കാർക്ക് കാംകോമുറയ്ക്ക് നൽകിവരുന്ന സബ്സിഡി മുഴുവനും നൽകിയിട്ടില്ലെങ്കിൽ മുഴുവൻ തുകയും നൽകി നിർത്തിവച്ച സബ്സിഡി പുനരാരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly